# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 143

6.01.2014- ൽ മറുപടിക്ക്

## സംസ്ഥാന തീരദേശ കപ്പൽ ഗതാഗത പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. കെ.മുരളീധരൻ :<br>ശ്രീ. പാലോട് രവി : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) തീരദേശ കപ്പൽ ഗതാഗത പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ; | (എ) തീരദേശ കപ്പൽ ഗതാഗത പദ്ധതി 09-11-13-ൽ കൊല്ലം തുറമുഖത്തു വച്ച് ബഹു. മുഖ്യമന്ത്രി ഔദ്യോഗികമായി ഉദ്ഘാടനം ചെയ്ത് പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. |
| (ബി) മത്സ്യബന്ധന മേഖലയ്ക്ക് പുത്തൻ ഉണർവ് നൽകാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ; | (ബി) തുടക്കത്തിൽ കണ്ടെയ്നറുകൾ കയറ്റിയ കപ്പലുകൾ, കൊല്ലം വല്ലാർപാടം റൂട്ടിൽ ചരക്ക് കയറ്റിറക്കുമതി പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതും, മത്സ്യബന്ധന മേഖലയെ കൂടി ഉൾപ്പെടുത്തി തീരദേശ കപ്പൽ ഗതാഗതം വിപുലപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. |
| (സി) പ്രസ്തുത പദ്ധതിയനുസരിച്ച് കാർഗോയ്ക്കും , യാത്രക്കാർക്കും നൽകുന്ന ഇൻസെന്റീവ് സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ് ; | (സി) ചരക്ക് ഗതാഗതത്തിന് ടൺ ഒന്നിന് 1-കി.മീറ്ററിന് 1 രൂപ നിരക്കിലും, യാത്രക്കാർക്ക് ഒരു കിലോമീറ്ററിന് 1 രൂപ നിരക്കിലും ഇൻസെന്റീവ് അനുവദിച്ചിട്ടുണ്ട്. |
| (ഡി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് തുറമുഖ വികസനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ? | (ഡി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br>1) പദ്ധതി സുഗമമായി നടത്തുന്നതിലേയ്ക്കായി തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>2) കപ്പൽ വാടകയ്ക്ക് എടുത്ത് സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br>3) കണ്ടെയ്നറുകൾ നീക്കം ചെയ്യുന്നതിനും യാർഡിൽ അടുക്കി വയ്ക്കുന്നതിനുമായി ഒരു കണ്ടെയ്നർ ഹാൻഡ്ലിംഗ് ഫോർക്ക് ലിഫ്റ്റ് കൊല്ലം തുറമുഖത്ത് എത്തിച്ചിട്ടുണ്ട്. |

4) കപ്പലിൽ നിന്നും കണ്ടെയ്നറുകൾ ഇറക്കുന്നതിനായി 20 ടൺ ശേഷിയുള്ള 40 ഫീറ്റ് ക്രെയിൻ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

5) കപ്പലുകൾ വാർഫിൽ അടുപ്പിക്കുന്നതിനും, വലിച്ച് മാറ്റുന്നതിനുമായി 600 HP ശേഷിയുള്ള Bollard Pull Tug -ന്റെ നിർമ്മാണം കൊല്ലം തുറമുഖത്തിനായി പൂർത്തീകരിച്ചിട്ടുണ്ട്.

6) 100 ടൺ കപ്പാസിറ്റിയുള്ള വെയ് ബ്രിഡ്ജിന്റെ നിർമ്മാണം കൊല്ലം തുറമുഖത്ത് പൂർത്തിയാക്കിയിട്ടുണ്ട്.

7) സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി കൊല്ലം, ബേപ്പൂർ തുറമുഖങ്ങളിൽ CCTV ക്യാമറകൾ സ്ഥാപിച്ചു.

8) കപ്പൽ ചാലുകൾ തിരിച്ചറിയുന്നതിലേയ്ക്കായി കൊല്ലം, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളിൽ ചാനൽ മാർക്കിംഗ് ബോയകൾ സ്ഥാപിച്ചു. വിഴിഞ്ഞത്ത് ബോയകൾ സ്ഥാപിക്കുന്ന തിനുള്ള നടപടികൾ പുരോഗമിക്കുന്നു.

9) കൊല്ലത്തും കൊടുങ്ങല്ലൂരും രണ്ട് വീതവും ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളിൽ ഒന്നു വീതവും ഗോഡൗണുകൾ നബാർഡ് സഹായത്തോടെ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

10) പച്ചക്കറികൾ, മത്സ്യമാംസാദികൾ തുടങ്ങി പെട്ടെന്ന് നശിക്കുവാൻ സാദ്ധ്യതയുള്ള ചരക്കുകൾ സംഭരിച്ച് കേടുപാടുകൂടാതെ സൂക്ഷിക്കുന്നതിനായി വിഴിഞ്ഞം, കൊല്ലം, വലിയതുറ, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങളിൽ ശീതീകരണ സംവിധാനത്തോടുകൂടിയ ഗോഡൗണുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

**സെക്ഷൻ ഓഫീസർ**